# ഗവ. എച്ച്. എസ്. എസ്
# നെയ്യാറ്റിൻകര



# അക്കാദമിക മാസ്റ്റർ പ്ലാൻ
# 2025-26

# അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| വിദ്യാലയത്തിന്റെ പേര് | : | ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂൾ, നെയ്യാറ്റിൻകര |
| വിലാസം | : | ഗവ: ഹയർ സെക്കൻഡറി സ്കൂൾ, നെയ്യാറ്റിൻകര.പി.ഒ.<br>നെയ്യാറ്റിൻകര - 695 121 |
| കോഡ് | : | 44025 |
| ഉപജില്ല | : | നെയ്യാറ്റിൻകര |
| വിദ്യാഭ്യാസ ജില്ല | : | നെയ്യാറ്റിൻകര |
| റവന്യൂ ജില്ല | : | തിരുവനന്തപുരം |
| ബി.ആർ.സി | : | നെയ്യാറ്റിൻകര |
| സി.ആർ.ഡി | : | നെയ്യാറ്റിൻകര |
| മുനിസിപ്പാലിറ്റി | : | നെയ്യാറ്റിൻകര |
| ഇ-മെയിൽ | : | gbhssnta@gmail.com |
| ഫോൺ | : | 0471-2222434 |

# ഗവ: ബോയ്സ് ഹയർ സെക്കന്ററി സ്കൂൾ നെയ്യാറ്റിൻകര

## ചരിത്ര സംക്ഷിപ്തം

തിരുവനന്തപുരം റവന്യൂ ജില്ലയിൽ നെയ്യാറ്റിൻകര വിദ്യാഭ്യാസ ജില്ലയിലെ അതിപുരാതനമായ ഒരു വിദ്യാലയമാണ് ഗവ:ബോയ്സ് ഹയർസെക്കന്ററി സ്കൂൾ. തിരുവിതാംകൂർ മഹാരാജാവായിരുന്ന വിശാഖം തിരുനാൾ രാമവർമ്മയുടെ ഭരണകാലത്ത് ക്രിസ്തുവർഷം 1881 ൽ (കൊല്ല വർഷം 1057) ഇംഗ്ലീഷ് ഹൈസ്കൂൾ ഫോർ ബോയ്സ് എന്ന നാമധേയത്തിൽ ആരംഭിച്ച ഈ വിദ്യാലയം അക്കാലത്ത് തിരുവിതാംകൂറിൽ പൊതുമേഖലയിൽ ആരംഭിച്ച 22 ഹൈസ്കൂളുകളിൽ ഒന്നാണ്. ശ്രീനാരായണഗുരു, സ്വാമി വിവേകാനന്ദൻ, മഹാത്മാഗാന്ധി തുടങ്ങിയവരുടെ പാദസ്പർശമേറ്റ നെയ്യാറ്റിൻകരയുടെ നഗരമദ്ധ്യത്തിൽ 1834 ൽ അക്കാലത്തെ ബ്രിട്ടീഷ് ഇന്ത്യൻ ഗവർണ്ണർ ജനറലായ വില്യം ബന്റിക് പ്രഭുവിന്റെ തീരുമാന പ്രകാരം അദ്ദേഹത്തിന്റെ കൗൺസിൽ അംഗവും വിദ്യാഭ്യാസ കാര്യങ്ങളുടെ ചുമതല വഹിച്ചിരുന്ന ആളുമായ മെക്കാളെ പ്രഭുവിന്റെ വിദ്യാഭ്യാസ ശുപാർശയുടെ ചുവടു പിടിച്ച് ആരംഭിച്ചതാണ് ഈ വിദ്യാലയം.

1961 ൽ പെൺകുട്ടികളെ പൂർണ്ണമായും ഒഴിവാക്കി ലൈബ്രറി ഉൾപ്പെടെ സകല സ്ഥാവര ജംഗമ വസ്തുക്കളും രണ്ടായി വീതിച്ച് പ്രത്യേക കോമ്പൗണ്ടുകളാക്കുകയും കാലാന്തരത്തിൽ ഗവ:മോഡൽ ഹൈസ്കൂൾ ഫോർ ബോയ്സ് എന്നും ഗവ: മോഡൽ ഹൈസ്കൂൾ ഫോർ ഗേൾസ് എന്നും രണ്ടു സ്ഥാപനങ്ങളും അറിയപ്പെടുകയും ചെയ്തു.

135 വർഷത്തെ മഹത്തായ പാരമ്പര്യവും പ്രശസ്തരായ അനേകം മഹാത്മാക്കൾക്ക് ജന്മം നൽകിയ ചാരിതാർത്ഥ്യവും ഉൾക്കൊണ്ട് കൊണ്ട് ഗവ: ബോയ്സ് ഹയർസെക്കന്ററി സ്കൂൾ വിദ്യാഭ്യാസ നഭോമണ്ഡലത്തിൽ ഇന്നും ഒരു കെടാ വിളക്കായി ശോഭിക്കുന്നു.

ഇംഗ്ലീഷ് ഹൈസ്കൂൾ ഫോർ ബോയ്സ് (ഇ.എച്ച്.എസ്) എന്നറിയപ്പെട്ടിരുന്ന ഈ വിദ്യാലയത്തിൽ 1990-ന് ശേഷം പെൺകുട്ടികൾക്കും പ്രവേശനം നൽകുകയും പ്രതിവർഷം 2500-ൽ പരം വിദ്യാർത്ഥികൾ വിദ്യ അഭ്യസിക്കുകയും ചെയ്തിരുന്നു.

1990-ൽ കോളേജുകളിൽ നിന്ന് പ്രീ ഡിഗ്രി വേർപെടുത്തുകയും കേരളത്തിലെ 31 സ്കൂളുകളിൽ പരീക്ഷണാടിസ്ഥാനത്തിൽ പ്ലസ് ടു സംവിധാനം ആരംഭിക്കുകയും ചെയ്തപ്പോൾ നെയ്യാറ്റിൻകര വിദ്യാഭ്യാസ ജില്ലയിൽ പ്ലസ് ടു ക്ലാസ്സുകൾ അനുവദിച്ചു കിട്ടിയ ഏക സ്കൂൾ ഞങ്ങളുടേതായിരുന്നു. 50 വിദ്യാർത്ഥികൾ ഉൾക്കൊള്ളുന്ന ഒരു സയൻസ് ബാച്ചിനാണ് അന്ന് അനുമതി ലഭിച്ചത്. ആൺകുട്ടികൾക്ക് മാത്രം പ്രവേശനം നൽകിയിരുന്ന ഈ സ്കൂളിൽ, ഹയർ സെക്കന്ററി വിഭാഗത്തിൽ പെൺകുട്ടികൾക്കും പ്രവേശനം നൽകിയതോടെ അഞ്ചാം തരം മുതൽ പത്താം തരം വരെ ഇംഗ്ലീഷ് മീഡിയം ക്ലാസ്സുകളിലും പെൺകുട്ടികൾക്കും പ്രവേശനം നൽകി തുടങ്ങി.

1997-ൽ പ്രീഡിഗ്രി വേർപെടുത്തൽ പ്രക്രിയയുടെ രണ്ടാം ഘട്ടം ആരംഭിച്ചപ്പോൾ പ്ലസ് വൺ സയൻസിന് രണ്ട് അധിക ബാച്ചുകൾ കൂടി ലഭിച്ചു. തുടർന്ന് 2000-ൽ കമ്പ്യൂട്ടർ സയൻസിന് രണ്ടു ബാച്ചുകളും ലഭിച്ചതോടെ അഞ്ചു ബാച്ചുകളിലായി 300 വിദ്യാർത്ഥികൾക്ക് ഇവിടെ പ്രതിവർഷം അഡ്മിഷൻ ലഭിച്ചു വരുന്നു. കോളേജുകളിൽ പ്രീഡിഗ്രിക്ക് അഡ്മിഷൻ ലഭിക്കാതെ വരുന്ന വിദ്യാർത്ഥികളാണ് പൊതുവിൽ അന്ന് ഹയർ സെക്കന്ററിയിൽ എത്തിയിരുന്നതെങ്കിലും 20% നിലവാരമുള്ള കുട്ടികളും കൂട്ടത്തിൽ അഡ്മിഷൻ നേടിയിരുന്നു. 1992 മാർച്ചിലെ ആദ്യ പ്ലസ് ടു പരീക്ഷയിൽ സയൻസ് വിഭാഗത്തിൽ ഒന്നാം റാങ്ക് കരസ്ഥമാക്കിയത് നമ്മുടെ സ്കൂളിലെ കുമാരി ആശാരാജൻ ആയിരുന്നു. 2006 മാർച്ചിൽ അവസാന റാങ്ക് നിശ്ചയിച്ചപ്പോഴും സയൻസ് വിഭാഗത്തിൽ ഒന്നാം റാങ്ക് നമ്മുടെ സ്കൂളിലെ കുമാരി പ്രഭാചന്ദ്രൻ കരസ്ഥമാക്കി. 2021-22 22-23 അദ്ധ്യയന വർഷത്തിൽ എസ്.എസ്.എൽ.സി പരീക്ഷക്ക് 100% വും പ്ലസ് ടുവിന് 95% വും വിജയത്തിലെത്തി നിൽക്കുകയാണ് ഈ മഹാവിദ്യാലയം. വരും വർഷങ്ങളിലും ഈ മഹാവിജയം ഞങ്ങൾ പ്രതീക്ഷിക്കുന്നു.

## കാഴ്ചപ്പാട്

വീടിനു വിളക്കാകുക

നാടിനഭിമാനമാകുക

ഈ വിദ്യാലയത്തിൽ എത്തിച്ചേരുന്ന വിദ്യാർത്ഥികൾ സമൂഹത്തിന്റെ നേർച്ഛേദരൂപമാണ്. വിവിധ ജാതി മത വർഗ്ഗ വർണ്ണ രാഷ്ട്രീയ പശ്ചാത്തലമുള്ളവർ - ഇവർ ഓരോരുത്തരേയും അവരവർക്ക് ഇണങ്ങുന്ന മേഖലയിൽ അവരുടെ കഴിവിന്റെ പരമാവധി ഉപയോഗപ്പെടുത്തുന്ന വിധം പ്രവർത്തനങ്ങൾ നല്കുന്നു. സ്വന്തം ഭാവിയെ കുറിച്ച് വ്യക്തമായ കാഴ്ച്ചപ്പാട് രൂപീകരിക്കുവാൻ ഓരോരുത്തരേയും പ്രാപ്തരാക്കുന്നു. കുട്ടികൾ വിദ്യാലയത്തോടും വീടിനോടും നാടിനോടും രാജ്യത്തോടും ലോകത്തോടും സ്നേഹത്തോടെ സൗഹാർദ്ദത്തോടെ ഇടപെടുന്നു.

## പൊതുലക്ഷ്യങ്ങൾ

1. സ്വഭാവം മെച്ചപ്പെടുത്തുന്നു.
2. സാമൂഹ്യ ഇടപെടലുകളിൽ പങ്കാളിയാവുന്നു
3. കൈത്തൊഴിൽ പരിശീലനം നേടുന്നു.
4. സ്വയം പര്യാപ്തത കൈവരിക്കുന്നു.
5. സമ്പാദ്യശീലം വളർത്തുന്നു.
6. കായികവും മാനസികവുമായ കഴിവുകൾ വളർത്തുന്നു.
7. കലാവാസന പോഷിപ്പിക്കുന്നു.
8. എല്ലാ പേർക്കും യൂണിഫോം

## അക്കാദമിക ലക്ഷ്യങ്ങൾ

1. ഓരോ കുട്ടിയും ഭാഷാനൈപുണി നേടുന്നു
2. ഗണിത ക്രിയകൾ ചെയ്യാൻ കഴിയുന്നു.
3. സയൻസ് ആഭിമുഖ്യമുള്ളവരും ശാസ്ത്രപരീക്ഷണങ്ങൾ നടത്തുന്നവരുമാകുന്നു.
4. ലോക കാര്യങ്ങളിലും ദേശീയ കാര്യങ്ങളിലും അറിവുണ്ടാകുന്നു.

## പ്രവർത്തനങ്ങൾ

### ലക്ഷ്യം 1

* മാതൃകാ വിദ്യാർത്ഥിക്ക് സമ്മാനങ്ങൾ നല്കുന്നു.
* ഓരോ ക്ലാസ്സുകൾ നടത്തുന്ന പൊതു അസംബ്ലി
* NCC, Scout Jr.Red Cross, SPC ഇവയിൽ ഏതെങ്കിലും ഒന്നിൽ അംഗമാക്കുന്നു.
* ഓരോ ക്ലാസിലും അച്ചടക്ക പരിശോധനയ്ക്കായി സമിതിയും ലീഡറും
* സ്കൂളിലെ മുഴുവൻ അച്ചടക്ക പ്രശ്നങ്ങളും കുട്ടികളുടെ ലീഡേഴ്സ് അംഗമായ സമിതി പരിഹരിക്കുന്നു.

### ലക്ഷ്യം 2

* പൂർവ്വ അദ്ധ്യാപകരെ പരിചയപ്പെടുത്തുന്നു.
* പൂർവ്വ വിദ്യാർത്ഥികളുടെ സഹായത്തോടെ കരിയർ ഗൈഡൻസ് നല്കുന്നു.
* പിന്നോക്കാവസ്ഥയിലുള്ള കുട്ടികളുടെ വീട് സന്ദർശനം, സഹായം നല്കൽ, പഠനത്തിൽ സഹായിക്കൽ (Free Coaching Tution)

ലക്ഷ്യം 3

* Work Experience അദ്ധ്യാപകൻ മറ്റ് പ്രതിനിധികൾ
* PTA യും MPTA യും സഹായത്തോടെ ഉല്പന്നങ്ങൾ നിർമ്മിക്കുകയും വിപണനം നടത്തുകയും ചെയ്യുന്നു.
* അദ്ധ്യാപകരുടെയും കുട്ടികളുടെയും സഹായത്തോടെ ഫണ്ട് സ്വരൂപിക്കുകയും സോപ്പ്, ലോഷ്യൻ, മെഴുകുതിരി, ചന്ദനത്തിരി തുടങ്ങിയവ നിർമ്മിച്ച് വില്ക്കുന്നു.

ലക്ഷ്യം 4

* MPTA പൂർവ്വാദ്ധ്യാപക വിദ്യാർത്ഥികൾ
* തയ്യൽ പരിശീലനം
* പലഹാരം, അച്ചാർ, തുണി സഞ്ചികൾ, ചന്ദനത്തിരി, പേപ്പർ ബാഗുകൾ ഇവ നിർമ്മിച്ച് പണം കണ്ടെത്തുന്നു.

ലക്ഷ്യം 5

* എല്ലാ കുട്ടികളെയും പോസ്റ്റ് ഓഫീസിൽ അക്കൗണ്ട് തുടങ്ങിക്കുക
* കൃഷി ഭവന്റെ സഹായത്തോടെ വീടുകളിൽ പച്ചക്കറി കൃഷി ആടുമാടുകൾ കോഴി വളർത്തൽ പ്രോത്സാഹിപ്പിക്കുന്നു.

ലക്ഷ്യം 6

* യോഗ/മെഡിറ്റേഷൻ/ Aerobics, Classes നടത്തുന്നു.
* കരാട്ടെ ക്ലാസ്സുകൾ
* ആരോഗ്യ ശുചിത്വവുമായി ബന്ധപ്പെട്ട ഫിലിം ഷോകൾ
* യോഗ, കായിക മത്സര പരിശീലനത്തിന് പൂർവ്വ വിദ്യാർത്ഥികളുടെ സഹായം തേടുന്നു
* ജയിൽ, ആശുപത്രി, ആർ.സി.സി തുടങ്ങിയവ സന്ദർശിക്കുകയും സാമൂഹ്യസ്ഥിതികൾ മനസ്സിലാക്കുകയും ചെയ്യുന്നു.
* എല്ലാ കുട്ടികൾക്കും നീന്തൽ പരിശീലനം നല്കുന്നു.

ലക്ഷ്യം 7

* സർഗ്ഗവേദി, നാടകങ്ങൾ, കൈയ്യെഴുത്തു മാസിക
* അവധിക്കാല പരിശീലനങ്ങൾ, ക്യാമ്പുകൾ
* സ്കൂളിൽ ഇതിനായുള്ള പോസ്റ്റ് തിരികെ കൊണ്ടുവരുന്നു. .
* രക്ഷിതാക്കളുടെ സഹായത്തോടെ പാട്ട് ഡാൻസ് നാടകം തുടങ്ങിയവ സ്കൂളിൽ അവതരിപ്പിക്കുന്നു.
* ശനിയാഴ്ചകളിൽ ഇതിനായി സമയം/ ക്ലാസ് നടത്തുന്നു.

ലക്ഷ്യം 8

* ഓരോ കുട്ടിയ്ക്കും 3 ജോടി യൂണിഫോം ലഭ്യമാക്കുന്നതിന് പി.റ്റി.എ പൊതുസംഘടനങ്ങൾ സ്വകാര്യ വ്യക്തികൾ ഇവരുടെ സഹായത്തോടെ ഫണ്ട് രൂപീകരിക്കുന്നു. കുട്ടികൾക്ക് സ്കൂൾ തുറക്കുന്ന സമയത്തു തന്നെ യൂണിഫോം നൽകുന്നു. ഘട്ടം ഘട്ടമായി തുക പിരിച്ചെടുക്കുന്നു. ഈ ഫണ്ട് വീണ്ടും തുടർ വർഷങ്ങളിൽ ഉപയോഗിക്കുന്നു.

# UP - Level

20[illegible] - [illegible] അക്കാദമിക വർഷത്തേയ്ക്ക് യു.പി. വിഭാഗത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ.

<u>ലക്ഷ്യം</u>

കുട്ടികളുടെ അക്കാദമിക നിലവാരം അളന്ന് സമ്പൂർണ്ണ വിദ്യാഭ്യാസം നല്കുന്നതിനുള്ള പദ്ധതി രൂപീകരിച്ച് നടപ്പിലാക്കൽ.

<u>പ്രവർത്തനങ്ങൾ</u>

1. എഴുത്തും വായനയിലും പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തുകയും അദ്ധ്യാപകർക്ക് ഒഴിവുള്ള പിരീഡുകളിൽ സമയ ബന്ധിതമായി ഓരോ വിഷയങ്ങളിലും പ്രത്യേക പരിശീലനം നല്കുന്നതാണ്. അതോടൊപ്പം ബി.ആർ.സി യുടെ സഹകരണത്തോടെ 2017 - 18 വർഷം നടപ്പിലാക്കിയ വായന നിലവാരം ഉയർത്തുന്നതിനുള്ള പ്രവർത്തനം തുടർന്നും വരും വർഷങ്ങളിൽ ബി.ആർ.സി യുടെ സഹകരണത്തോടെ കര്യക്ഷമമായി നടപ്പിലാക്കുന്നതാണ്. അതുപോലെ ഗവ. ഇപ്പോൾ നടപ്പിലാക്കിയ ശ്രദ്ധ പരിശീലന പദ്ധതി തുടർന്നും നടപ്പിലാക്കുന്നതാണ്.

2. കുട്ടികളിൽ നിന്നും വിവിധ വിഷയങ്ങളിലുള്ള പ്രതിഭകളെ കണ്ടെത്തി രക്ഷകർത്താക്കളുടെ സഹകരണത്തോടെ പ്രതിഭാ സംഗമവും ശാസ്ത്രമേളകളിൽ ജേതാക്കളാകാനുള്ള പ്രത്യേക പരിശീലനവും നല്കുന്നതുമാണ്.

3. കലാകായിക സർഗ്ഗവാസനയ്ക്കായി നീക്കി വച്ചിട്ടുള്ള പീരിയഡുകളിൽ കുട്ടികൾക്ക് പ്രത്യേക മത്സരങ്ങൾ സംഘടിപ്പിക്കാനും അതിൽ മികവ് പുലർത്തുന്ന കുട്ടികളുടെ രക്ഷകർത്താക്കളുടെ സഹകരണത്തോടെ പ്രത്യേക പരിശീലനം നല്കുന്നതുമാണ്.

4. എല്ലാ വെള്ളിയാഴ്ചകളിലും കുട്ടുകൾക്ക് ആനുകാലിക സംഭവങ്ങൾ ഉൾപ്പെടുത്തി ക്വിസ് മത്സരം നടത്തി വായനാശീലം പ്രോത്സാഹിപ്പിക്കുന്നതാണ്. (1.15 - 2 Pm)

5. ക്ലാസ് ലൈബ്രറി രൂപീകരണവുമായി ബന്ധപ്പെട്ട് കുട്ടികളുടെ പിറന്നാൾ സമ്മാനമായി ഒരു പുസ്തകം ക്ലാസിലേയ്ക്കു സംഭാവന ചെയ്യുന്നതിന് കുട്ടികളെ പ്രോത്സാഹിപ്പിക്കും.

6. സ്കൂളിൽ വായനമുറി നിർമ്മിച്ച് ലഭിക്കുന്ന മുറയ്ക്ക് കുട്ടികളെ ലൈബ്രറി പീരിയഡുകളിൽ സ്കൂൾ ലൈബ്രറിയിൽ കൊണ്ടുപോകുന്നതിനും പുസ്തകം എടുപ്പിച്ച് വായനഭിരുചി വളർത്താനും കുറിപ്പുകൾ തയ്യാറാക്കുന്നതിനും പ്രത്യേക പരിശീലനം നല്കുന്നതാണ്.

7. കുട്ടികളിൽ ജീവകാരുണ്യ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുതിനായി നന്മ ക്ലബുമായി ചേർന്ന് പ്രവർത്തിപ്പിക്കുന്നതാണ്.

8. ശുചിത്വമായി ബന്ധപ്പെട്ട് കുട്ടികളെ ആരോഗ്യ ക്ലബിൽ ചേർക്കുന്നതാണ്.

9. കുട്ടികളുടെ പ്രശ്നങ്ങൾ കണ്ടെത്തുന്നതിനും അക്രമവാസ്ന ഇല്ലാതാക്കുന്നതിനും ഒരു പ്രത്യേക കമ്മറ്റി രൂപീകരിച്ചു പ്രവർത്തിക്കുന്നതാണ്.

10. കുട്ടികൾക്ക് പ്രയാസമേറിയ വിഷയങ്ങൾ ഏതൊക്കെ എന്ന് കണ്ടെത്തി പ്രഗത്ഭരായ അധ്യാപകര ഉപയോഗിച്ച് പാഠഭാഗങ്ങൾ ലഘൂകരിക്കും.

11. സ്പോക്കൺ ഇംഗ്ലീഷ്, കമ്പ്യൂട്ടർ പരിജ്ഞാനം എന്നിവ ലഭ്യമാകുന്നതാണ്.

# യു പി വിഭാഗം

## മലയാളം

### പ്രതീക്ഷിത നേട്ടങ്ങൾ

ഭാഷാ പഠനം ആശയവിനിമയത്തിനും ജീവിക്കുന്ന ചുറ്റുപാടുകളെ കുറിച്ചും കുട്ടികളെ ബോധവാന്മാരാക്കുക.

പാഠ്യപദ്ധതിയുടെഅന്തസത്ത ചിന്താശേഷി എന്നിവ കുട്ടികളിൽ ഉണർത്തുന്നതിന് പ്രാമുഖ്യം നൽകൽ.

മാനവികത സഹജീവി സ്നേഹം ജനാധിപത്യം ബോധം മൂല്യബോധം പ്രാദേശികുകൾ എന്നിവ ആർജിക്കാൻ കുട്ടികളെ .പ്രാപ്തരാക്കുക.

| പ്രവർത്തനം | നിർവഹണകാലം |
|---|---|
| അക്ഷരം അറിയാത്ത കുട്ടികളെ കണ്ടെത്തി മലയാളം എഴുതാനും വായിക്കാനും പരിശീലനം നൽകൽ, | ജൂൺ - ഫെബ്രുവരി |
| ദിനാചരണ പ്രവർത്തനങ്ങളിൽ കുട്ടികളെ ഭാഗമാക്കൽ. | ജൂൺ - ഫെബ്രുവരി<br>ജൂൺ - ഫെബ്രുവരി |
| പുസ്തക പരിചയം | ജൂൺ മുതൽ ഫെബ്രുവരി |

| | |
|---|---|
| എഴുത്തുകൂട്ടം പുസ്തകങ്ങൾ നൽകി വായന പരിപോഷിപ്പിക്കൽ<br><br>എഴുത്ത് കൂട്ടം രചന പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കൽ<br><br>ജീവചരിത്ര പതിപ്പ് തയ്യാറാക്കൽ<br><br>ചരിത്ര ക്വിസ്<br><br>പതിപ്പ് തയ്യാറാക്കൽ<br><br>ക്ലാസ് മാഗസിൻ തയ്യാറാക്കൽ<br><br>പാഠഭാഗത്തെ അടിസ്ഥാനമാക്കി നാടക നിർമ്മാണം<br><br>പത്രം തയ്യാറാക്കൽ<br><br>നാടകം /സിനിമ പ്രദർശനം<br><br>പഠനയാത്ര<br><br>യുഎസ്എസ് പരിശീലനം<br><br>ദിനാചരണം<br><br>ക്ലബ് പ്രവർത്തനങ്ങൾ | ജൂൺ - ഫെബ്രുവരി<br><br>ജൂൺ - ഫെബ്രുവരി<br><br>ജൂൺ - ഫെബ്രുവരി<br><br>ജൂൺ - ഫെബ്രുവരി<br><br>ഒക്ടോബർ - ഫെബ്രുവരി<br><br>ജൂൺ - നവംബർ<br><br>ഒക്ടോബർ - ഫെബ്രുവരി<br><br>ജനുവരി – ഫെബ്രുവരി<br><br>ഒക്ടോബർ - ഫെബ്രുവരി<br><br>സെപ്റ്റംബർ -ഫെബ്രുവരി<br><br>ജൂൺ - ഫെബ്രുവരി<br><br>ജൂൺ ഫെബ്രുവരി |

| | |
|---|---|

ശാസ്ത്ര പോഷണം

പ്രതീക്ഷിത നേട്ടങ്ങൾ

ശാസ്ത്ര അഭിരുചി വളർത്തൽ.

ശാസ്ത്ര പഠനത്തിൽ ശാസ്ത്രീയ രീതി പരിശീലിപ്പിക്കൽ.

പ്രശ്നപരിഹാരത്തിനുള്ള ശേഷി ആർജിക്കൽ

ശാസ്ത്ര പഠനത്തിൽ കുട്ടികളുടെ ആത്മവിശ്വാസം വർദ്ധിപ്പിച്ച് പഠനം എളുപ്പമാക്കൽ.

പരീക്ഷണങ്ങളിലൂടെ ശാസ്ത്ര തത്വങ്ങളിൽ കുട്ടികൾക്ക് താൽപര്യം വർദ്ധിപ്പിക്കൽ

| പ്രവർത്തനം | പ്രവർത്തന ഘട്ടങ്ങൾ | നിർവഹണ കാലം |
|---|---|---|
| ലാബ് സജ്ജീകരണം | ആവശ്യമായ സാധനങ്ങൾ ലിസ്റ്റ് ചെയ്യുക<br>പുതിയതായി വേണ്ട സാധനങ്ങൾ വാങ്ങുക | ജൂൺ - ജൂലൈ |
| ദിനാചരണം | | |
| ക്ലബ്ബ് പ്രവർത്തനങ്ങൾ | എങ്ങനെയൊക്കെ നടത്താം<br>ആവശ്യമായ | ജൂലൈ |

| | | |
|---|---|---|
| ശാസ്ത്രമേളയ്ക്കായുള്ള തയ്യാറെടുപ്പ് | സാധനങ്ങൾ വാങ്ങി മുന്നൊരുക്കം നടത്തൽ ക്വിസ് മത്സരങ്ങൾക്കായുള്ള ഒരുക്കം | ജൂൺ - ഫെബ്രുവരി |
| ശാസ്ത്രത്തെ അറിയുക | ശാസ്ത്രപുസ്തകങ്ങൾ മാസികകൾ എന്നിവ വായിക്കുന്നതിനുള്ള ക്രമീകരണം | ജൂൺ - ഡിസംബർ |
| പഠനയാത്ര | പാഠഭാഗവുമായി ബന്ധപ്പെട്ട സ്ഥലങ്ങളുടെ സന്ദർശനം | |

## സോഷ്യൽ സയൻസ്

പ്രതീക്ഷിത നേട്ടങ്ങൾ

സാമൂഹ്യശാസ്ത്ര പഠനം എളുപ്പമാക്കുക

സാമൂഹ്യ മൂല്യങ്ങൾ വളർത്തുക

പ്രകൃതിവിഭവങ്ങളെ കുറിച്ച് കൂടുതൽ മനസ്സിലാക്കുക

പ്രകൃതി സംരക്ഷിക്കപ്പെടേണ്ടതാണെന്ന് ബോധ്യപ്പെടുത്തുക

ചരിത്ര സ്മാരകങ്ങൾ സംരക്ഷിക്കപ്പെടേണ്ടതാണെന്ന അവബോധം വളർത്തുക

സാമൂഹിക ആശയങ്ങൾ ഉൾക്കൊണ്ടു നല്ല പൗരന്മാരായി വളരുക

മാനവികത, സഹജീവി സ്നേഹം, ജനാധിപത്യബോധം, മൂല്യബോധം പ്രാദേശികുകൾ- എന്നിവ ആർജ്ജിക്കൽ

ലഹരി വിരുദ്ധ മനോഭാവം വളർത്തുക

| പ്രവർത്തനങ്ങൾ | നിർവഹണകാലം |
|---|---|
| സോഷ്യൽ സയൻസ് ലാബ് നിർമ്മാണം | ജൂൺ - ഫെബ്രുവരി |
| വാരാന്ത്യ ക്വിസ് | ജൂൺ - ഫെബ്രുവരി |
| സ്കൂൾ ചരിത്ര മ്യൂസിയം നിർമ്മാണം | ജൂൺ |
| പ്രാദേശിക ചരിത്രരചന | ജൂൺ - ഒക്ടോബർ |
| സ്റ്റിൽ മോഡൽ വർക്കിംഗ് മോഡൽ നിർമ്മാണം | ജൂൺ - നവംബർ |
| പ്രശ്നാധിഷ്ഠിത ഭാഗം കണ്ടുപിടിക്കുകയും തരണം | ജൂൺ-ഫെബ്രുവരി |

| | |
|---|---|
| പരിഹാരം കാണൽ | ജൂൺ - ഫെബ്രുവരി |
| ആൽബം തയ്യാറാക്കൽ | ജൂൺ - ഫെബ്രുവരി |
| പതിപ്പ് തയ്യാറാക്കൽ | ജൂൺ- ഒക്ടോബർ |
| ശാസ്ത്രമേളയ്ക്ക് വേണ്ടി കുട്ടികൾക്ക് പരിശീലനം നൽകൽ | സെപ്റ്റംബർ |
| ഭൂപട വായന | സെപ്റ്റംബർ - ഒക്ടോബർ |
| ഭൂപട നിർമ്മാണം ഗ്ലോബ് നിർമ്മാണം | സെപ്റ്റംബർ - ഒക്ടോബർ |
| ദിനാചരണങ്ങൾ | ജൂൺ 2 ഫെബ്രുവരി |
| പഠനയാത്ര | ജൂലൈ - ഫെബ്രുവരി |
| സെമിനാർ | ജൂലൈ - ഫെബ്രുവരി |
| ക്ലാസ് ലൈബ്രറി | |
| ക്ലാസ്സ് ലൈബ്രറിയിലേക്ക് പുസ്തകം ശേഖരിക്കൽ | ജൂൺ - ഫെബ്രുവരി |

| | |
|---|---|
| | |

English

objectives

To provide students with practice in the four language skills of listening, speaking,reading and writing to enable them to acquire the ability to read ,write, listen and speak English with confidence.

Create an appropriate and Sequential program for children from class 5 to 7. So that they can remain at grade level and make progress towards grade level and compentency in content areas

Help students to learn and understand the social programs of school and community and to use the appropriate language and the behaviour to communicate and interact successfully with in those paradigms

| Activities | Time or duration |
|---|---|
| Listening<br><br>Listen and follow song gap fill Back to back interview follow the direction movie clips quiz. | Each activity in the fourth week of every month. |
| Speaking<br><br>Story telling<br>Drama<br>Speech<br>Choreography<br>Role play | November<br>October every<br><br>Monday and Tuesday |

| | |
|---|---|
| Reading<br><br>Story recreation<br>Enrichment classes<br>Reading cards<br>News reading<br>Reading English books<br>vocabulary enrichment<br><br>writing<br><br>Cursive writing practice<br>story and Poem writing<br>composition /paragraph<br>writing script writing<br>notice<br>Poster<br>Slogan making<br>Diary writing<br>Editing | June week 2/3<br>September to February<br><br>Daily<br><br><br><br><br><br><br><br><br>whole year along with<br>textbook lessons<br>everyday |
| | |

ഗണിതം

| പ്രവർത്തനങ്ങൾ | നിർവഹണ കാലം |
|---|---|
| ഗണിത പഠനത്തിലെ അടിസ്ഥാനപരമായ ചതുഷ്ക്രിയകളിലെ പിന്നോക്ക അവസ്ഥ പരിഹരിച്ചു കുട്ടികളിൽ | രണ്ടാമത്തെ പ്രവൃത്തി ദിവസം |

| | |
|---|---|
| ഗണിതത്തിൽ താല്പര്യമുണ്ടാക്കുക | |
| ഗണിത പ്രവർത്തനങ്ങളുടെ സുഗമമായ നടത്തിപ്പിന് വേണ്ടി ഗണിത ക്ലബ് രൂപീകരണം | മാസത്തിൽ ആദ്യ വെള്ളിയാഴ്ച |
| BALA -വിദ്യാലയം മൊത്തം ഗണിതവൽക്കരിക്കൽ | ജൂൺ മുതൽ ഡിസംബർ വരെ |
| ഗണിത പഠനം കൂടുതൽ ഫലപ്രാപ്തിയിലാക്കൽ | വർഷം മുഴുവൻ |
| ഗണിത ലൈബ്രറി ഒരുക്കൽ | ഒക്ടോബർ മാസത്തോടെ പൂർത്തീകരിക്കുന്നു |
| ബുള്ളറ്റിൻ ബോർഡ് തയ്യാറാക്കൽ | ആഴ്ചയിൽ ഓരോ ദിവസം ഓരോ പ്രവർത്തനം |
| പ്രകൃതിയിലെ ഗണിതം തൊട്ടറിയാൻ ഫീൽഡ് ട്രിപ്പ് | പഠനാനുഭവങ്ങൾക്ക് യോജിച്ച രീതിയിലുള്ള സമയം |
| ഫിന്നേ (ഭിന്ന) ശേഷിക്കാർക്ക് പ്രത്യേക ശില്പശാല | ജനുവരി -ഓഗസ്റ്റ് 10 |
| പ്രതിഭാ പോഷണം | |
| കൈത്താങ്ങ് ഗണിതത്തിൽ പിന്നാക്കം നിൽക്കുന്നവരെ സഹായിക്കാൻ | ഫെബ്രുവരി<br>ജൂൺ 10 മാർച്ച് |

## എച്ച്.എസ്. വിഭാഗം

# മലയാളം

**മുഖ്യ ലക്ഷ്യങ്ങൾ**

* എല്ലാ കുട്ടികളും അവർ പഠിക്കുന്ന ക്ലാസ് അനുസരിച്ചും നിലവാരമനുസരിച്ചുമുള്ള ഭാഷാശേഷികൾ കൈവരിക്കുമെന്ന് ഉറപ്പുവരുത്തുക.
* ഭാഷാ അനായാസം എഴുതാനും വായിക്കാനും പ്രകടിപ്പിക്കാനുമുള്ള കഴിവു ഉറപ്പുവരുത്തുന്നു.
* കുട്ടികളുടെ സർഗ്ഗാത്മക പ്രവർത്തനങ്ങൾ പ്രകടിപ്പിക്കുന്നതിനുള്ള വേദി ഒരുക്കുന്നു.

**പ്രവർത്തനം**

* ഓരോ യൂണിറ്റുമായി ബന്ധപ്പെട്ട വിവിധ വ്യവഹാര രൂപങ്ങൾ (കഥ, കവിത, ഉപന്യാസം, കത്തെഴുതൽ, ആസ്വാദനക്കുറിപ്പ് ആഴ്ചയിലൊരിക്കൽ പരിശോധിച്ച് വിലയിരുത്തുന്നു.
* വായന മെച്ചപ്പെടുത്തുന്നതിനായി ലൈബ്രറി സേവനം ഉപയോഗിച്ച് പ്രബന്ധ രചന, ആസ്വാദന ക്കുറിപ്പ്, വിലയിരുത്തൽ കുറിപ്പ് തുടങ്ങിയ പ്രവർത്തനങ്ങൾ അവതരിപ്പിക്കുന്നതിന് അവസരം ഒരുക്കുന്നു. സെമിനാർ സംഘടിപ്പിക്കുന്നു.
* ദിനാചരണങ്ങളിലൂടെ (മാസത്തിലൊരിക്കൽ) സാഹിത്യ പ്രധാന ദിവസങ്ങളും സാഹിത്യകാരന്മാരെ അറിയാനും അവസരം ഒരുക്കുന്നു.
* വ്യക്തിമാസിക (ഓരോ കുട്ടിയും 1 നോട്ട് ബുക്ക് വ്യക്തിമാസികയായി സൂക്ഷിക്കുന്നു) അതിലൂടെ ക്ലാസ് മാസികയും, സ്കൂൾ മാസികയുമുള്ള വിഭവങ്ങൾ ശേഖരിച്ചു വയ്ക്കുന്നു.
* വിവിധ ക്ലാസുകളിൽ ഓരോ യൂണിറ്റിലുമുള്ള സർഗ്ഗാത്മക പ്രകടനങ്ങൾ സർഗ്ഗവേദിയിലൂടെ അവതരിപ്പിക്കാൻ അവസരം നൽകുന്നു.
* ICT സാദ്ധ്യതകൾ ഉപയോഗപ്പെടുത്തി സാഹിത്യത്തിന്റെ പുതിയ മേഖലകൾ കുട്ടികൾക്കു പരിചയപ്പെടുത്തുന്നു.
* ക്ലാസ് ലൈബ്രറി ക്രമീകരിച്ച് വായനയുമായി കുട്ടികളെ കൂടുതൽ അടുപ്പിക്കുന്നു. വിവിധ മത്സരങ്ങൾ സംഘടിപ്പിച്ച് വിജയികൾക്കു സമ്മാനം നൽകുന്നു.

## വിഷയം

## ഇംഗ്ലീഷ്

**ലക്ഷ്യം**

പഠന നിലവാരം മെച്ചപ്പെടുത്തൽ

**പ്രവർത്തനങ്ങൾ :**

കുട്ടികൾക്ക് ഇംഗ്ലീഷ് വായിക്കുവാനും സംസാരിക്കുവാനുമുള്ള കഴിവ് വികസിപ്പിച്ചെടുക്കുക. ക്ലാസ്സ് മുറികളിൽ ലൈബ്രറി ഏർപ്പെടുത്തുക. ഇംഗ്ലീഷ് ലാംഗ്വേജ് കുട്ടികളിൽ വികസിപ്പിക്കുവാൻ ഇംഗ്ലീഷ് ലൈബ്രറി സ്കൂളിൽ ആവശ്യമാണ്. ക്ലാസ്സുകളിൽ സെമിനാർ, ഡിബേറ്റ് മുതലായവ സംഘടിപ്പിക്കുക. പാഠഭാഗവുമായി ബന്ധപ്പെട്ടും അല്ലാതെയും Role Play, Skit എന്നിവ അവതരിപ്പിക്കുക. Daily usage conversation കുട്ടികളിൽ വളർത്തിയെടുക്കാം. ഇംഗ്ലീഷ് ന്യൂസ് കാണാനും വായിക്കാനുമുള്ള അവസരം ഒരുക്കി കൊടുക്കാം. ദിവസങ്ങളിലെ പ്രാധാന്യം മനസ്സിലാക്കി കുട്ടികൾക്ക് സ്പീച്ച്, ക്വിസ് എന്നിവ നടത്താനുള്ള അവസരം ഒരുക്കി കൊടുക്കുക. Drama, Recitation, Speech, Story telling എന്നിവ സംഘടിപ്പിക്കാം. ഇംഗ്ലീഷ് ഫെസ്റ്റ് സ്കൂളിൽ സംഘടിപ്പിക്കാവുന്നതാണ്. English language fluency കിട്ടാൻ സ്പോക്കൺ ഇംഗ്ലീഷ് ക്ലാസ്സുകൾ ഒരുക്കി കൊടുക്കുക. ഇംഗ്ലീഷ് അസംബ്ലി, ഇംഗ്ലീഷ് ഡേ, ഇംഗ്ലീഷ് ഫെസ്റ്റ് മുതലായവ സംഘടിപ്പിക്കുക. ICT Lab സാധ്യത വികസിപ്പിക്കുക. പ്രശസ്തരായ കവികളെയും എഴുത്തുകാരെയും കുറിച്ച് പ്രൊഫൈൽ തയ്യാറാക്കി ക്ലാസ്സിൽ അവതരിപ്പിക്കുക. ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങൾ സന്ദർശിക്കുകയും യാത്രാ വിവരണം കുട്ടികളെ കൊണ്ട് എഴുതി ക്കുകയും ചെയ്യാം. ക്ലാസ്സിൽ ഇംഗ്ലീഷ് മാഗസിൻ തയ്യാറാക്കാം. എല്ലാ കുട്ടികൾക്കും അതിനുള്ള അവസരം ഒരുക്കി കൊടുക്കുക. അവരുടെ കഴിവുകൾക്കനുസരിച്ച് മാഗസിൻ തയ്യാറാക്കാവുന്നതാണ്. ഇംഗ്ലീഷ് ഉച്ചാരണം പരിശീലിപ്പിക്കുന്നതിനുവേണ്ടി ലാംഗ്വേജ് ലാബ് സജ്ജീകരിക്കണം. ഇംഗ്ലീഷ് ഭാഷാ പ്രാവീണ്യം നേടുന്നതിലേയ്ക്കായി ഒരു ഇംഗ്ലീഷ് ഡിജിറ്റൽ ലൈബ്രറി സജ്ജീകരിക്കുന്നു. ഓഡിയോ ബുക്കുകളും വീഡിയോ സി.ഡി. കളും ലഭ്യമാക്കുന്നു. ഓരോ ക്ലാസ്സിലും ഇംഗ്ലീഷ് ബുക്കുകൾ ഉൾപ്പെടുത്തിക്കൊണ്ട് ഒരു റീഡേഴ്സ് കോർണർ സജ്ജീകരിക്കുകയും വായന റിവ്യൂ ഉൾപ്പെടുത്തി എല്ലാ മാസവും ക്ലാസ്സ് മാഗസിൻ പ്രസിദ്ധീകരിക്കുന്നു. ഇംഗ്ലീഷ് സർഗ്ഗാത്മക രചനകൾ മാഗസ്സിനിൽ പ്രസിദ്ധീകരിക്കുകയും തെരഞ്ഞെടുത്ത രചനകൾക്ക് സമ്മാനവും നൽകുന്നു. ഇംഗ്ലീഷ് അസംബ്ലി മാസത്തിലൊരിക്കൽ നിർബന്ധമാക്കുന്നു. ദിനാചരണങ്ങളിൽ ഇംഗ്ലീഷിന് പ്രാധാന്യം നൽകുന്നു.

# ഹിന്ദി

| നമ്പർ | പ്രവർത്തനം | കാലദൈർഘ്യം | | |
|---|---|---|---|---|
| 1 | ഹിന്ദി നാടകോൽസവം (വിവിധ ക്ലാസുകളിൽ നിന്ന് വിദ്യാർത്ഥികളെ)<br><br>* കഥാവായന<br>* കഥാരചന<br>* സ്ക്രിപ്റ്റ് റൈറ്റിംഗ്<br>* എഡിറ്റിംഗ്<br>* അഭിനയ പരിശീലനം<br>* ക്ലാസ്തല അഭിനയ പരിശീലനം<br>* വേദികളിൽ അവതരണത്തിന് അവസരം സർഗ്ഗവേദി ക്ലാസ് പി.ടി.എ<br>* ഡോക്യുമെന്റേഷൻ ICT സാദ്ധ്യത ഉപയോഗിച്ച് ലാംഗ്വേജ് ലാബ് സജ്ജീകരിക്കൽ<br>(ഹിന്ദി ക്ലബ്) | ഒരു വർഷം<br><br>ജൂൺ<br>ജൂലൈ<br>ആഗസ്റ്റ് | | |
| 2 | * ഹിന്ദി അന്തരീക്ഷവുമായി ബന്ധപ്പെടാനുള്ള അവസരം<br>* ഹിന്ദി ഡോക്യുമെന്ററികൾ, സിനിമ കാണാനുള്ള അവസരം<br>* ഹിന്ദി ലേഖകരുമായുള്ള സംവാദം<br>* ഹിന്ദി കവിതയുടെ ഓഡിയോ കേൾക്കാനുള്ള അവസരം | | | |

| | |
|---|---|
| കുട്ടികളിൽ നിന്നും ഒരു പിയർഗ്രൂപ്പ് ഗണിതമേള സംഘടിപ്പിക്കൽ | നവംബർ അവസാനവാരം |

## ആരോഗ്യ കായിക വിദ്യാഭ്യാസം

| പ്രവർത്തനം | പ്രവർത്തന ഘട്ടങ്ങൾ | കാലയളവ് | സാമഗ്രികൾ | നിർവ്വഹണ ചുമതല | പിന്തുണ | സാമ്പത്തികം |
|---|---|---|---|---|---|---|
| യോഗ | മൂന്ന് ഘട്ടങ്ങൾ ജൂൺ-ജൂലൈ ഓഗസ്റ്റ് -സെപ്റ്റംബർ ഒക്ടോബർ-നവംബർ | ആറു മാസം | യോഗ മാറ്റ് | അധ്യാപകർ | ക്ലാസ് അധ്യാപകർ | 2000/- |
| ഹെൽത്ത് ഫിറ്റ്നസ് പ്രോഗ്രാം | ആഗസ്റ്റ് -സെപ്റ്റംബർ | | Weighing machine, Mat, stopwatch | കായികാധ്യാപകൻ | വിദ്യാർത്ഥികൾ | 6000/- |
| ഫിസിക്കൽ ടെസ്റ്റ് | നവംബർ - ഡിസംബർ | രണ്ടു മാസം | Weighing machine yoga mat ground | കായികാധ്യാപകൻ | വിദ്യാർത്ഥികൾ | - |

## ലൈബ്രറി വികസനം

### പ്രതീക്ഷിത നേട്ടം

കുട്ടികളിൽ വായന ശീലം വളർത്തുക

ഭാഷാപരമായ നൈപുണി നേടുക

വായനയിൽ പ്രാവീണ്യ നേടുക

വായനയിൽ താൽപര്യം വളർത്തുക

പാഠഭാഗവുമായി ബന്ധപ്പെട്ട അധിക വായനയ്ക്ക് ഉപയോഗപ്പെടുത്താം

പൊതു വിജ്ഞാനം വളർത്തുന്നതിന്

| പ്രവർത്തന ഘട്ടങ്ങൾ | നിർവഹണ കാലഘട്ടം |
| --- | --- |
| വായനാദിനത്തോടനുബന്ധിച്ച് വായനവാരണം :- പുസ്തക പ്രദർശനം നടത്തുന്നു ക്ലാസ് അടിസ്ഥാനത്തിൽ പ്രദർശന മത്സരം സംഘടിപ്പിക്കുന്നു | ജൂൺ |
| പുസ്തകം ശേഖരിക്കൽ :- ലൈബ്രറി വിപുലീകരിക്കുന്നതിനായി പൂർവ്വ വിദ്യാർത്ഥികളിൽ നിന്നും, കുട്ടികളുടെ ജന്മദിനവുമായി ബന്ധപ്പെട്ട്, അധ്യാപകരിൽ നിന്നും സ്കൂൾ ഫണ്ട് ഉപയോഗിച്ച് പുസ്തകം ശേഖരിക്കുന്നു | ജൂൺ |
| കുട്ടികൾക്ക് ഇരുന്ന് വായിക്കാൻ ആവശ്യമായ ഇരിപ്പിടവും വായന മുറിയും സജ്ജീകരിക്കൽ തീരുമാനവും സജ്ജീകരണവും | ജൂൺ |
| വിഷയം അടിസ്ഥാനത്തിൽ ബുക്കുകൾ തരംതിരിക്കൽ | ജൂൺ |

| | |
|---|---|
| വായനയിൽ താല്പര്യ വളർത്തുന്നതിനായി ദിനപത്രം വായനയും പ്രധാന വാർത്തകളുടെ അവതരണവും | ഒക്ടോബർ |
| ഗാന്ധിജയന്തിയുമായി ബന്ധപ്പെട്ട ആൽബം, ഗാന്ധിയൻ സൂക്തങ്ങൾ,ജീവചരിത്രം കവിതകൾ എന്നിവ സ്കൂൾ ലൈബ്രറിലേയ്ക്ക് ശേഖരണം | ഒക്ടോബർ |
| കുട്ടികളുടെ നിലവാരത്തിനനുസരിച്ച് ലൈബ്രറി പുസ്തകങ്ങൾ നൽകി വായനാശീലം വർദ്ധിപ്പിക്കൽ | ജൂൺ മുതൽ മാർച്ച് വരെ |
| നവംബർ ഒന്ന് : തുഞ്ചൻ ദിനം കേരള പിറവി ദിനാചരണം കേരള ചരിത്രവും കേരള സംസ്കാരവുമായി ബന്ധപ്പെട്ട പുസ്തക പ്രദർശനം<br><br>ലൈബ്രറി പുസ്തക വായനയിലൂടെ എഴുത്തച്ഛനെ കുറിച്ച് പതിപ്പ് തയ്യാറാക്കൽ | നവംബർ 1-30 |
| മഹാന്മാരുടെ ഗ്രാമത്തെ കുറിച്ചുള്ള പുസ്തകങ്ങൾ തെരഞ്ഞെടുത്ത് കുട്ടികൾക്ക് വായിക്കാൻ നല്കി "എന്റെ ഗ്രാമം" എന്ന വിഷയത്തിൽ കുറിപ്പ് തയ്യാറാക്കൽ | നവംബർ-ഡിസംബർ |
| ശില്പശാലകൾ ഡയറിക്കുറിപ്പുകൾ ക്ലാസ് | ഡിസംബർ |

| | |
|---|---|
| പത്രം മുതലായവ നിർമിക്കാൻ കുട്ടികൾക്ക് അവസരം നൽകൽ | |
| സ്കൂൾ ലൈബ്രറി ആധുനികവൽക്കരിക്കുന്നതിന്റെ ഭാഗമായി ഡിജിറ്റൽ ലൈബ്രറി എന്ന ആശയം നടപ്പിലാക്കൽ | ജനുവരി |

## സയൻസ് എച്ച് എസ്

| പ്രവർത്തനം | പ്രവർത്തന ഘട്ടങ്ങൾ | നിർവഹണ കാലഘട്ടം |
|---|---|---|
| ശാസ്ത്ര ലാബ് നവീകരണം | യുപിഎച്ച്എസ് ക്ലാസ്സുകളിലെ ശാസ്ത്ര പരീക്ഷണങ്ങളുടെ ലിസ്റ്റ് തയ്യാറാക്കൽ ആവശ്യമായ വസ്തുക്കളുടെ ലിസ്റ്റ് തയ്യാറാക്കൽ ശാസ്ത്ര ഉപകരണങ്ങൾ രാസവസ്തുക്കൾ ശേഖരണം വാങ്ങിയ ഉപകരണങ്ങളുടെ ക്രമീകരണം | ജൂലൈ -ആഗസ്റ്റ് |
| ശാസ്ത്രസാഹിത്യം | ശാസ്ത്ര പുസ്തകങ്ങളും മാസികകളും | ജൂലൈ |

| | | |
|---|---|---|
| | ലൈബ്രറിയിൽ ഉൾപ്പെടുത്താനായി ലിസ്റ്റ് തയ്യാറാക്കൽ | |
| ശാസ്ത്ര പോഷണം | ശാസ്ത്രവുമായി ബന്ധപ്പെട്ട് ദിനാചരണങ്ങൾ നല്ല രീതിയിൽ നടത്തിക്കൽ<br><br>ശാസ്ത്രജ്ഞന്മാരുടെ ജീവചരിത്രക്കുറിപ്പ് തയ്യാറാക്കൽ.<br><br>ശാസ്ത്ര വാർത്തകൾ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കൽ | ജൂലൈ - ഫെബ്രുവരി |

## ജീവശാസ്ത്രം എച്ച് എസ്

| മേഖല | പ്രവർത്തനങ്ങൾ |
|---|---|
| ദിനാചരണങ്ങൾ | |
| ജൂൺ 5 ലോക പരിസ്ഥിതി ദിനം | സ്കൂളിലും വീടുകളിലും കുട്ടികൾ വൃക്ഷത്തെ പിടിപ്പിക്കൽ |

| | |
|---|---|
| | ബോധവൽക്കരണ ക്ലാസ് സംഘടിപ്പിക്കൽ അസംബ്ലിയിൽ പരിസ്ഥിതി ഗാനം ആലപിക്കൽ പോസ്റ്റർ, രചന മത്സരങ്ങൾ സംഘടിപ്പിക്കൽ |
| ജൂൺ 26 ലോക ലഹരി വിരുദ്ധ ദിനം | റാലി പോസ്റ്റർ രചന മത്സരങ്ങൾ ലഹരിവിരുദ്ധ പ്രതിജ്ഞയെടുക്കൽ ക്വിസ് മത്സരം നടത്തൽ |
| ജൂലൈ 1 ഡോക്ടേഴ്സ് ഡേ | പോസ്റ്റർ രചന മത്സരം സംഘടിപ്പിക്കൽ ക്വിസ് മത്സരം നടത്തൽ |
| ജൂലൈ 28 ലോകപ്രകൃതി സംരക്ഷണ ദിനം | മനുഷ്യർ പ്രകൃതിക്ക് വരുത്തുന്ന നാശം സംബന്ധിച്ച വീഡിയോ പ്രദർശനം പ്രകൃതി സംരക്ഷണത്തിന്റെ പ്രാധാന്യം- |

| | |
|---|---|
| ലോക വന്യജീവി ദിനം | |
| മാർച്ച് 8 ലോക വൃക്കാ ദിനം | |
| മാർച്ച് 16 ലോക വാക്സിനേഷൻ ദിനം | |
| മാർച്ച് 21 ലോക വന ദിനം | സ്കൂൾ വളപ്പിൽ വൃക്ഷത്തൈ നടീൽ |
| മാർച്ച് 22 ലോക ജലദിനം | സ്കൂൾ പരിസരത്തും വീടുകളിലുമുള്ള ജലസ്രോതസ്സിലെ ജല ജല പരിശോധിച്ചു ശുദ്ധത ഉറപ്പുവരുത്തൽ |
| മാർച്ച് 24 ലോക ക്ഷയരോഗ നിർമാർജന ദിനം | ക്ഷയരോഗം പകരുന്ന വിധം ചികിത്സാരീതി ഇവ ഉൾപ്പെടുത്തി ബോധവൽക്കരണ ക്ലാസ് |
| ഏപ്രിൽ 25 ലോക മലേറിയ ദിനം | കൊതുക് നിവാരണ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കാൻ |
| മെയ് 22 | കൊളാഷ് നിർമ്മാണം |

| | |
|---|---|
| ലോക ജൈവവൈവിധ്യ ദിനം | |
| മെയ് 31 ലോക പുകയില വിരുദ്ധ ദിനം | പുകയില വിരുദ്ധ റാലി പ്രതിജ്ഞ പുകയില മൂലം ഉണ്ടാകുന്ന രോഗങ്ങൾ ഉൾപ്പെടുത്തി ചാർട്ട് നിർമ്മാണം . |

| | |
|---|---|
| | ബോധവൽക്കരണ ക്ലാസ് |
| ഓഗസ്റ്റ് 13 ലോക അവയവദാന ദിനം | അവയവദാന ബോധവൽക്കരണ ക്ലാസ് |
| സെപ്റ്റംബർ 16 ഓസോൺ ദിനം | ഓസോൺ ദിന പോസ്റ്റർ രചന മത്സരം ക്വിസ് ഉപന്യാസം മത്സരം |
| സെപ്റ്റംബർ 21 ലോക അൽഷിമേഴ്സ് ഡേ | അൽഷിമേഴ്സ് രോഗിയെ സന്ദർശിക്കൽ |
| സെപ്റ്റംബർ 28 ലോക ഹൃദയ ദിനം | വീഡിയോ പ്രദർശനം ഹൃദയ ആരോഗ്യത്തിന്റെ പ്രാധാന്യം ഉൾപ്പെടുത്തി ബോധവൽക്കരണ ക്ലാസ് |
| ഒക്ടോബർ 1 ലോകവയോജന ദിനം | കൊളാഷ് നിർമ്മാണം വയോജനങ്ങളെ സന്ദർശിച്ച് അവരുടെ ബുദ്ധിമുട്ട് മനസ്സിലാക്കൽ |
| ഒക്ടോബർ 16 ലോക ഭക്ഷ്യ ദിനം | ഭക്ഷ്യമേള സംഘടിപ്പിക്കൽ |

| | |
|---|---|
| നവംബർ 7 അർബുദ ലോക ബോധവൽക്കരണ ദിനം | അർബുദരോഗ പ്രതിരോധ ബോധവൽക്കരണ ക്ലാസ് വിവിധതരം അർബുദ രോഗത്തെക്കുറിച്ച് വീഡിയോ പ്രദർശനം |
| നവംബർ 14 ദേശീയ പ്രമേഹ ദിനം | പ്രമേഹ ദിന സൈക്കിൾ റാലി ബോധവൽക്കരണ ക്ലാസ് . ക്വിസ്മത്സരങ്ങൾ രചന മത്സരങ്ങൾ |
| ഡിസംബർ 1 ലോക എയ്ഡ്സ് ദിനം | എയ്ഡ്സ് ബോധവൽക്കരണ ക്ലാസ് . റാലി പോസ്റ്റർ രചന |
| ഡിസംബർ 5 അന്താരാഷ്ട്ര മണ്ണ് ദിനം | മണ്ണ് സംരക്ഷണ പോസ്റ്റർ പ്രദർശനം |
| ഫെബ്രുവരി 2 ലോക തണ്ണീർത്തട ദിനം | വീഡിയോ പ്രദർശനം |
| ഫെബ്രുവരി 12 ചാൾസ് ഡാർവിൻ ദിനം | |
| ഫെബ്രുവരി 28 ശാസ്ത്ര ദിനം | |
| മാർച്ച് 3 | |

English HS

| | | |
|---|---|---|
| Book collection | Students are asked to collect and Prepare the review of the aheads they read. | June |
| Newspaper reading | The pupils collect the English Newspaper and they read it. Reading competitions are conducted and it helps the pupils to enhance the reading habit. | July |
| Important days | Essay competition. quiz , seminar and speech etc are conducted. It helps the pupils to make awareness about the importance of each day | August, September |
| Language skill | Spoken English corner, English fest etc are conducted to enhance the language | October |

| | | |
|---|---|---|
| | skills in students | |
| | English skit role play debate etc are conducted . It helps they pupils to enhance the language skills. | November |
| Magazine | The pupils are asked to read English books, Watch the English news and magazine the language library will help them to do such activities | December |
| Profiles | The students prepare the profiles of poets, writers and novelist and they prepare the travelogues and then they are asked to preserved it. | January |

## ഉപസംഹാരം

ഈ പൊതുവിദ്യാലയം നിലനില്ക്കേണ്ടത് ഈ നാടിന്റെ ആവശ്യമാണ്. ഇവിടെ സ്നേഹവും പരിഗണനയും സ്വയം പ്രകാശനത്തിനുള്ള അവസരവും അംഗീകാരവും എല്ലാ കുട്ടികൾക്കും ലഭിക്കുന്നു എന്ന് ബോധ്യപ്പെടുത്തണം. സാമ്പത്തികമോ സാമൂഹികമോ സാംസ്കാരികമോ ആയ വ്യത്യാസങ്ങളില്ലാതെ എല്ലാകുട്ടികൾക്കും തുല്യ പരിഗണന നല്കുന്നു.